# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പൂവച്ചൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.6/355/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 28/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂവച്ചൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.6/355/2023 തീയ്യതി: 28/03/2023

## തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 06-02-2023 | 14-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-02-2023 | 14-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധുലാബീവി എം (ഓഡിറ്റ് ഓഫീസർ)
ശ്രീ. ജോസ് ഡബ്ല്യു.(അസി. ഓഡിറ്റ് ഓഫീസർ)
ശ്രീ. രാജു. കെ ഓഡിറ്റർ
ശ്രീമതി കല പി ഓഡിറ്റർ
ശ്രീ. രഞ്ജിത്ത് സി ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സനൽകുമാർ റ്റി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പ്രവീൺ | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ സജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 21-07-2021 |
| ശ്രീ സുരേഷ്കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 22-07-2021 | 31-03-2022 |
| ശ്രീമതി ദിവ്യ വി എം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ ജൂലി സി | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ ഇന്ദുലേഖ സി ജി | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ ഷീബ എസ് എൽ | മെഡിക്കൽ ഓഫീസർ സി എച്ച് സി | 01-04-2021 | 31-03-2022 |
| ഡോ. ലക്ഷമിപ്രിയ ടി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| നിഷ എൽ എസ് | വി ഇ ഒ I | 01-04-2021 | 31-03-2022 |
| സംഗീതകൃഷ്ണകുമാർ | വി ഇ ഒ II | 01-04-2021 | 15-02-2022 |
| നിഷ എൽ എസ് | വി ഇ ഒ II | 16-02-2022 | 31-03-2022 |
| അഞ്ജന ജെ എസ് | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| സീനത്ത് ബീവി എം | ഹെഡ് മിസ്ട്രസ് | 01-04-2021 | 31-03-2022 |
| സജീവ് കുമാർ.എ.എൽ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| കല്യാണിക്കുട്ടി പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| സവിത.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് രൂപീകരണം | 1-1-1 |
| 3 | ബജറ്റ് സംക്ഷിപ്തം | 1-1-2 |
| 4 | 2021-22 ബജറ്റ്,പുതുക്കിയ ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ | 1-1-3 |
| 5 | ബജറ്റിൽ വകയിരുത്തിയിട്ടും ചെലവ് ചെയ്യാത്തിട്ടില്ല. | 1-1-4 |
| 6 | വാർഷിക ധനകാര്യപത്രിക | 1-2 |
| 7 | വാർഷിക ധനകാര്യപത്രികയിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 8 | ഗ്രാന്റ് വിനിയോഗം | 1-3 |
| 9 | ഗ്രാന്റ് വിനിയോഗത്തിൽ കണ്ട അപാകങ്ങൾ | 1-3-1 |
| 10 | പദ്ധതി അവലോകനം | 1-4 |
| 11 | ക്ഷേമ പദ്ധതികൾ | 1-5 |
| 12 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 13 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-7 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 15 | ദേശീയ തൊഴിലുറപ്പ് പദ്ധതി -അപാകങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം. | 1-8-1 |
| 16 | എം.ജി.എൻ.ആർ.ഇ.ജി.എസ് -നിയമാനുസൃത ജി.എസ്സ്.റ്റി-റ്റി.ഡി.എസ് ,ഈടാക്കിയിട്ടില്ല. | 1-8-2 |
| 17 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-9 |
| 18 | രസീത് നൽകി പിരിച്ചെടുക്കുന്ന ലൈബ്രറി വരവുകൾ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിൽ കാലതാമസം വരുത്തുന്നു. | 1-10 |
| 19 | ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-11 |
| 20 | ജിംനേഷ്യങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല. | 1-12 |
| 21 | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കുന്നില്ല | 1-13 |
| 22 | തൊഴിൽ നികുതി ഈടാക്കുന്നതു സംബന്ധിച്ചുള്ള രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്തുന്നില്ല | 1-14 |
| 23 | വാടക, ലേലം എന്നീ ഇനങ്ങളിലെ കുടിശ്ശിക പിരിച്ചെടുക്കൽ ത്വരിതപ്പെടുത്തേണ്ടതാണ്. | 1-15 |

| | | |
|---|---|---|
| 24 | ലേല രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ലേലം പിടിച്ച വ്യക്തികൾ തുക പൂർണ്ണമായി അടവാക്കിയിട്ടുണ്ടോ എന്നതിൽ വ്യക്തതയില്ല | 1-16 |
| 25 | ഭരണസമിതി തീരുമാനത്തിന്മേൽ തുടർ നടപടി സ്വീകരിച്ച് പ്രസ്തുത വിവരം അറിയിക്കേണ്ടതാണ് | 1-17 |
| 26 | വാടക ഇനത്തിൽ ഈടാക്കേണ്ട 368472 രൂപ നാളിതുവരെ ഈടാക്കിയിട്ടില്ല. | 1-18 |
| 27 | വസ്തു നികുതി - അപാകങ്ങൾ | 1-19 |
| 28 | വസ്തു നികുതിയിനത്തിൽ 5177941 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു | 1-19-1 |
| 29 | കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിരിക്കുന്നു | 1-19-2 |
| 30 | മൊബൈൽ ഫോൺ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കേണ്ടതാണ്. | 1-19-3 |
| 31 | ചെലവ് രേഖ ഹാജരാക്കിയില്ല.12721 /-രൂപ തടസ്സപ്പെടുത്തുന്നു, | 1-20 |
| 32 | ഗ്രാമസഭ മിനിട്സ് തയ്യാറാക്കൽ -നിയമാനുസൃതമല്ല. | 1-21 |
| 33 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.750457.50രൂപ തടസ്സപ്പെടുത്തുന്നു. | 1-22 |
| 34 | കേദാരം,സമഗ്ര നെൽകൃഷി വികസനം-അധികം നൽകിയ കൂലിച്ചെലവിനത്തിൽ 22950/- രൂപ അധികം നൽകി. | 1-23 |
| 35 | വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"-എന്നസൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-24 |
| 36 | ടെണ്ടർ കുറവ് വരുത്താത്തതുമൂലം അധികം നല്കിയ തുക-15099/രൂപ ഒടുക്കു വരുത്തി | 1-25 |
| 37 | കാലാവധിക്കുള്ളിൽ പണി പൂർത്തീകരിക്കാതിരുന്നിട്ടും പിഴ കുറവ് ചെയ്തിട്ടില്ല. | 1-26 |
| 38 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ വിനിയോഗ വിവരം ലഭ്യമല്ല - 2826285/-രൂപ തടസ്സപ്പെടുത്തുന്നു. | 1-27 |
| 39 | അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല-1,80,000/ രൂപ തടസ്സപ്പെടുത്തുന്നു. | 1-28 |
| 40 | ലൈഫ് ഭവന പദ്ധതി -ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് തുടർനടപടി സ്വീകരിക്കണം | 1-29 |
| 41 | മത്സ്യകൃഷി- പ്രോജക്ടുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ | 1-30 |
| 42 | പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം -അധികമായി ചെലവഴിച്ച 182670/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-31 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

ഭാഗം **4**

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ /വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ്നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ബജറ്റ് 20/02/2021-ലെ 1സാധാരണയോഗത്തിലെ (1)-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.

### 1-1-1 ബജറ്റ് രൂപീകരണം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്ട്സ് പരിശോധിച്ചതിൽ ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ യോഗം ചേർന്നതിന്റെ രേഖകൾ ലഭ്യമായില്ല. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു.

2. പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല
02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.പെർഫോമൻസ് ബജറ്റ്

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ബജറ്റ് സംക്ഷിപ്തം

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു

| | |
|---|---:|
| മുന്നിരിപ്പ് | 7775874 |
| വരവ് | 542004160 |
| ആകെ | 549780034 |
| ചെലവ് | 546453640 |
| നീക്കിയിരിപ്പ് | 3326394 |

ബജറ്റ് നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ ആണിക്കല്ലായ ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെട്ടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ലഭ്യമായെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്.

### 1-1-3 2021-22 ബജറ്റ്,പുതുക്കിയ ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ

കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 72 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ, അത്തരം ചെലവ് ചെയ്യുന്നതിനു മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ആക്ടിലെ 214(5)-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. 2021-22 വർഷത്തെ ബജറ്റിനോപ്പം ബജറ്റ് റിവൈസ് ചെയ്യുകയാണുണ്ടായിട്ടുള്ളത്. അടുത്ത വർഷത്തെ ബജറ്റ് നിർദ്ദേശങ്ങളുടെ ഭാഗമായി മാർച്ച് മാസത്തിൽ സമർപ്പിക്കുന്ന പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ്, തന്നാണ്ടിലെ ബജറ്റിൽ വകയിരുത്താത്ത തുകകൾ

ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന, പുതുക്കിയ ബജറ്റായി കണക്കാക്കാൻ പാടില്ലായെന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിൽ വകയിരുത്തിയതിൽ അധികമായി ചെലവു ചെയ്തിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനം | അക്കൗണ്ട് കോഡ് | ഇനം | A F S പ്രകാരം ചെലവഴിച്ച തുക | ബജറ്റ് പ്രകാരം വകയിരുത്തിയത് |
|---|---|---|---|---|
| 1 | 2501002 | Agricultural And Related Sectors Other Crops-General | 1824891 | വകയിരുത്തിയിട്ടില്ല. |
| 2 | 2501039 | Animal Husbandry Infrastrcture | 498828 | വകയിരുത്തിയിട്ടില്ല. |
| 3 | 2501041 | Animal Husbandry -Ralated Facility | 210000 | വകയിരുത്തിയിട്ടില്ല |
| 4 | 2501048 | Diary Development Infrastructure | 1000000 | വകയിരുത്തിയിട്ടില്ല |
| 5 | 2511006 | SSA & Other Educational Programs | 1650000 | വകയിരുത്തിയിട്ടില്ല |
| 6 | 2511011 | Continuing Educationand Non-formal Education | 50000 | വകയിരുത്തിയിട്ടില്ല |
| 7 | 2512002 | Public Health Programs | 1259164 | 295000 |
| 8 | 2512007 | Other Programmes In Health | 146594 | വകയിരുത്തിയിട്ടില്ല |
| 9 | 2514001 | Development Programsor Women And Children-General | 24830 | വകയിരുത്തിയിട്ടില്ല |
| 10 | 2514001 | Development Programsor Women And Children-SCP | 300000 | വകയിരുത്തിയിട്ടില്ല |
| 11 | 2516008 | General Economic Servvices-other Plan Expenditure | 500000 | വകയിരിത്തിയിട്ടില്ല. |

എൻക്വയറി പ്രകാരം ആവശ്യപ്പെട്ട എല്ലാ ഇനങ്ങളിലും തുക വകയിരിത്തിയിട്ടാണ് ചെലവ് ചെയ്തതെന്ന് മറുപടി പ്രകാരം അറിയിച്ചു. എന്നാൽ റിവൈസ്ഡ് ബഡ്ജറ്റ് പരിശോധിച്ചതിൽ തുക വകയിരുത്തിയതായി കാണുന്നില്ല. ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (01/21-22, 07/02/23) ലഭ്യമായ മറുപടി തൃപ്തികരമല്ല. ബജറ്റ് വകയിരുത്തലുകൾ സംബന്ധിച്ച് കൃത്യമായ മറുപടി ലഭ്യമാക്കേണ്ടതും വരും വർഷങ്ങളിൽ പ്രസ്തുത അപാകത പരിഹരിക്കേണ്ടതുമാണ്.

## 1-1-4 ബജറ്റിൽ വകയിരുത്തിയിട്ടും ചെലവ് ചെയ്തതിട്ടില്ല.

2021-2022 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ബജറ്റ് പരിശോധനയിൽ ബജറ്റിൽ വകയിരുത്തിയിട്ടും ചെലവ് ചെയ്തതായികാണുന്നില്ല. വിശദീകരണം ചുവടെ ചേർക്കുന്നു

| ക്രമനം | അക്കൗണ്ട് കോഡ് | ഇനം | A F S പ്രകാരം ചെലവഴിച്ച | റിവൈസ്ഡ് ബജറ്റ് പ്രകാരം |
|---|---|---|---|---|

| | | | തുക | വകയിരുത്തിയത് |
|---|---|---|---|---|
| 1 | 2501046 | Diary Development Storage And Marketing | ചെലവഴിച്ചിട്ടില്ല. | 4700000 |
| 2 | 2502004 | Minor Irrigation-providing Individual Facilities | ചെലവഴിച്ചിട്ടില്ല. | 240000 |
| 3 | 2501009 | Agriculture And Related Sectors-Coconut | ചെലവഴിച്ചിട്ടില്ല | 294500 |
| 4 | 2501011 | Agricultureand Related Sectors-Vegetables | ചെലവഴിച്ചിട്ടില്ല. | 668000 |
| 5 | 2501012 | Agricultureand Related Sectors-Plantain | ചെലവഴിച്ചിട്ടില്ല. | 1505100 |
| 6 | 2501013 | Agricultureand Related Sectors-Tuber Crops | ചെലവഴിച്ചിട്ടില്ല. | 150000 |
| 7 | 2501014 | Agricultureand Related Sectors-Horticulture | ചെലവഴിച്ചിട്ടില്ല. | 62500 |
| 8 | 2501017 | Agricultureand Related Sectors-Floriculture | ചെലവഴിച്ചിട്ടില്ല. | 96000 |
| 9 | 2501019 | Agricultureand Related Sectors-Pepper | ചെലവഴിച്ചിട്ടില്ല. | 125000 |

ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറി (02/21-22, 07/02/2023) യ്ക്ക് 2021-22വർഷത്തിൽ വിവിധ ഇനങ്ങളിലേയ്ക്കുള്ള പദ്ധതി വിഹിതത്തിൽ കുറവുണ്ടായതിനാൽ

പ്രോജക്ട് റിവിഷൻ നടത്തിയത് പ്രകാരം ചില ഇനങ്ങളിൽ ചെലവ് സംഭവിച്ചിട്ടില്ലായെന്ന് അറിയിച്ചു.
യഥാർത്ഥ വരവുചെലവുകൾക്കനുസൃതമായി നിർദ്ദേശങ്ങൾ പാലിച്ച കൊണ്ട് ബജറ്റ് റിവൈസ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യപത്രിക ലഭിച്ച തീയതി |
|---|---|
| 31.07.2022 | 27.05.2022 |

## 1-2-1 വാർഷിക ധനകാര്യപത്രികയിൽ കണ്ടെത്തിയ അപാകതകൾ

2021-2022 സാമ്പത്തിക വർഷത്തെ വാർഷികധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഇൻകം & എക്സ്പൻഡിച്ചർ പത്രിക പ്രകാരം വരവിനെക്കാൾ ചെലവ് കൂടി നിൽക്കുന്ന Deficit അക്കൗണ്ടാണ്

സമർപ്പിച്ചിരിക്കുന്നത്.

2) മുൻവർഷവും തൻവർഷവും ഒരേ തുകകൾ തന്നെ നീക്കിയിരിപ്പായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനം | ഇനം | 2020-21 AFS | 2021-22 AFS |
|---|---|---|---|
| 1. | Fund For Transferred Institutions -Ayurveda -Capital | 1897 | 1897 |
| 2 | Grants For Stadium And Play Grounds | 73856 | 73856 |
| 3 | NABARD Assistance | 32261 | 32261 |
| 4 | Grants, Funds & Contributions For Specific Purposes -Other Financial Institutions | 430000 | 430000 |
| 5 | Contribution For Joint Venture Projects From Block Panchayat (Capital Expenditure) | 1194341 | 1194341 |
| 6 | Contribution For Joint Venture Projects From Block Panchayat (Revenue Expenditure) | 547154 | 547154 |
| 7 | Contribution For Joint Venture Projects From District Panchayat (Revenue Expenditure) | 554661 | 554661 |
| 8 | Contribution For Other Specific Purposes From Block Panchayat (Capital Expenditure) | 6967 | 6967 |
| 9 | Beneficiary Contributions | 50 | 50 |

ചെലവാകാതെ തുടർച്ചയായ വർഷങ്ങളിൽ നിലനിൽക്കുന്ന തുകകൾ സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറി (04/21-22, 07/02/2023) യ്ക്ക് ലഭ്യമായ മറുപടി ഇപ്രകാരമാണ്

1. ആയുർവേദാശുപത്രിയുടെ പനരുദ്ധാരണത്തിനായി 2018-19 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ച ശേഷം ബാക്കി

വന്ന തുകയാണ്.

2. 2013-14 സാമ്പത്തിക വർഷം കളിസ്ഥലത്തിനായി 7 ലക്ഷം രൂപ അനുവദിച്ചതിൽ അവശേഷിച്ച തുകയാണ് ക്യാരി ഓവർ ചെയ്തു വരുന്നത്.

3. നബാർഡ് സ്കീം പ്രകാരം ലഭിച്ച തുകയിൽ അവശേഷിക്കുന്ന തുകയാണ്

4. 2018-19 സാമ്പതത്തിക വർഷം അംഗൻ വാടികൾ സ്മാർട്ടാക്കുന്നതിനായി കെ. എസ്.എഫ്.ഇ അനുവദിച്ച തുകയാണിത്. ഈ വർഷം അംഗൻവാടികൾക്ക് ടെലിവിഷൻ വാങ്ങാൻ വകയിരിത്തിയിട്ടുണ്ടെന്ന് അറിയിച്ചു.

5. ബ്ളോക്ക് വിഹിതത്തിൽ നിർമ്മാണ പ്രവൃത്തികൾക്ക് അനുവദിച്ച തുകയിൽ അവശേഷിച്ച തുകയാണ്.

6. ബ്ളോക്ക് വിഹിതത്തിൽ ഉൽപ്പാദന പ്രവൃത്തികൾക്ക് അനുവദിച്ച തുകയിൽ അവശേഷിച്ച തുകയാണ്.

7. ജില്ലാ വിഹിതത്തിൽ ഉൽപ്പാദന പ്രവൃത്തികൾക്ക് അനുവദിച്ച തുകയിൽ അവശേഷിച്ച തുകയാണ്.

8. അംഗൻവാടി നിർമ്മാണത്തിനായി ബ്ളോക്ക് വിഹിതത്തിൽ നിന്ന് അനുവദിച്ച തുകയിൽ അവശേഷിച്ച തുകയാണ്.

9. 2018-19- ൽ ഗുണഭോക്തൃവിഹിതമായി ലഭിച്ച തുകയാണിത്.

പ്രസ്തുത തുകകൾ ഏതു ഉദ്ദേശ്യത്തിനോണോ ലഭിച്ചത് അത് നടപ്പിലാക്കുന്നതിനോ തിരിച്ചടക്കുന്നതിനോ, ചെലവഴിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1-2-2 ചുവടെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളിൽ (B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പിന്റെ അടിസ്ഥാനത്തിൽ ചെലവഴിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനം | 2020-21 B 18പ്രകാരമുള്ള നീക്കിയിരിപ്പ് | തൻവർഷം നൽകിയ അഡ്വാൻസ് | 2021-22- B18 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | Deposit With Kerala Water Authoriity | 11339769 | 1275510 | 3036769 |
| 2 | Deposit With Kerala Eletricity Board | 1943491 | 0 | 1563040 |
| 3 | Deposit With Public Works Department | 255000 | 0 | 255000 |

1. കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് 9578510/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

2. കേരള ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് 380451/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

3. പബ്ളിക്ക് വർക്ക് ഡിപ്പാർട്ട്മെന്റിൽ നിന്ന് 255000/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറി (07/21-22, 07/02/2023) യ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് ചെലവാക്കിയ തകയ്ക്കുള്ള വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

1-2-3 Secured Loan From KURDFC

| ഇനം | മുന്നിരിപ്പ് | വരവ് | വായ്പാ തിരിച്ചടവ് | AFS ലെ ബാലൻസ് |
|---|---|---|---|---|
| Secured Loan From KURDFC | 57397802 | 1009000 | 5456001 | 52950801 |

മേൽ വ്യത്യാസം വരാനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 05/21-22,07 /02/2023- നുള്ള മറുപടിയായി 2021-22- ലെ ജി ഓ പ്രകാരമുള്ള ലൈഫ് ലോൺ തുക തിരിച്ചടവ് ആകെ 5456001/-രൂപയാണ്. എഎഫ് എസ് പ്രകാരമുള്ള ബാലൻസ് തുകയാണ് ലൈഫ് ലോൺ ഇനത്തിൽ കാണുന്നതെന്ന് അറിയിച്ചിട്ടുണ്ട്.

1-2-4 Contractors Retension Money യുടെ AFS പ്രകാരമുള്ള വരവ്,ചെലവ്,നീക്കിയിരിപ്പ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | B7-ലെ നീക്കിയിരിപ്പ് |
|---|---|---|---|---|
| Contractors Retension | 411098 | 8474 | 56098 | 349227 |

ഇത് ക്രമപ്പെടുത്തി കാലാഹരണപ്പെട്ടവ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ്.

1-2-5 അഡ്വാൻസ് തുകകൾ ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ഇനം | മുന്നിരിപ്പ്(2020-21 B18) | തൻവർഷം ചെലവഴിച്ച തുക(RP 47 Payment) | തൻവർഷം തിരികെ ലഭിച്ച അഡ്വാൻസ് തുക (RP 47 Receipt) | തൻവർഷത്തെ നീക്കിയിരിപ്പ് തുക B18 പ്രകാരം |
|---|---|---|---|---|---|
| 1 | Festival Advance | 18000 | 120000 | 15000 | 18000 |
| 2 | Advance To Others | 1812919 | 1887278 | 0 | 2385993 |
| 3 | Advance To Implementing Officers | 514931 | 254200 | 254200 | 0 |

ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറി (08/21-22, 07/02/2023) യ്ക്ക് Festival Advance തിരികെ ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

1-2-6 ദുരിതാശ്വാസനിധിയുമായി ബന്ധപ്പെട്ട വരവു ചെലവു കണക്കുകൾ സൂക്ഷിക്കുന്നില്ല

ദുരിതാശ്വാസനിധിയുമായി ബന്ധപ്പെട്ട 2021-22- ലെ വരവു ചെലവു കണക്കുകൾ, ബാങ്ക് പാസ്സ്ബുക്ക്, ദുരിതാശ്വാസനിധിയുടെ അപേക്ഷകൾ എന്നിവ പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കിയില്ല. ആയതിനാൽ ധനകാര്യപത്രികയിലെ രേഖപ്പെടുത്തലിന്റെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19-21/22, 08-02/23) ദുരിതാശ്വാസനിധിയുമായി ബന്ധപ്പെട്ട അപേക്ഷകൾ എല്ലാം വൗച്ചറിനൊടൊപ്പം സൂക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ചു

2003- ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി (രൂപീകരിക്കലും വിനിയോഗിക്കലും ) ചട്ടം 3 പ്രകാരം ദുരിതനിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിന് മറ്റു ഫണ്ടിൽ നിന്ന് വേറിട്ടു സൂക്ഷിക്കുന്നു.

ചട്ടം 3(4) വരവുചെലവു കണക്കുകൾ കൈകാര്യം ചെയ്യാൻ സെക്രട്ടറിയുടെ പേരിൽ ബാങ്ക് അക്കൗണ്ട് തുറക്കണം

ചട്ടം 3(5) സംഭാവനയ്ക്ക് അച്ചടിച്ച രസീത് നൽകണം

ചട്ടം 4(3) നിധി കൈകാര്യം ചെയ്യാൻ പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ അടങ്ങുന്ന സബ് കമ്മിറ്റി വേണം

ചട്ടം 4(4) ധനസഹായത്തിനുള്ള അപേക്ഷകളിൽ അന്വേഷണം നടത്തണം.

ചട്ടം 5 പ്രത്യേക ക്യാഷ് ബുക്ക്, മിനിട്ട്സ് ബുക്ക്, രസീത്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ സെക്രട്ടറി സൂക്ഷിക്കണം.

എന്നാൽ ഇത്തരം നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.

1-2-7. 282322/- രൂപയിടെ Stale Cheque -ന്റെ ലെഡ്ജർ പരിശോധിച്ചപ്പോൾ 2018-19,

2019-20, 2020-21 വർഷങ്ങളിലെ മടങ്ങി വന്ന ചെക്കുകൾ ഉൾപ്പെടെയുള്ള തുകയാണ് എന്ന് കണ്ടു. 3 വർഷത്തെ കാലാവധി കണക്കാക്കി പ്രസ്തുത ചെക്കുകൾ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ്.

1-2-8. Current Year- ലെ Depreciation -നും കഴിഞ്ഞ വർഷത്തെ Depreciation -നും തമ്മിലുള്ള വ്യത്യാസം Depreciation Schedule 1-17(a) യുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്-ചെലവ്-നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 25215774 | 29330016 | -4114242 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 7141116 | 5172357 | 1968759 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 327031 | 264000 | 63031 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 11879240 | 2307339 | 9571901 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-untied) | 0 | 6811182 | 5115334 | 1695848 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 11116771 | 6802369 | 4314402 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 9858000 | 8142695 | 1715305 |

## 1-3-1 ഗ്രാന്റ് വിനിയോഗത്തിൽ കണ്ട അപാകങ്ങൾ

ചുവടെ ചേർത്തിരിക്കുന്ന ഇനങ്ങളിലെ വരവുതുകAFS-ലും ACR- ലും Grant Statement-ലും വ്യത്യാസംകാണുന്നു

| ഇനം | AFS പ്രകാരം | | | ACR പ്രകാരം | | | Grant Statement പ്രകാരം | | |
|---|---|---|---|---|---|---|---|---|---|
| | വരവ് | ചെലവ് | ബാലൻസ് | വരവ് | ചെലവ് | ബാലൻസ് | വരവ് | ചെലവ് | ബാലൻസ് |
| Development Fund General | 22378655 | - | - | 25215774 | 24406378 | 809396 | 25215774 | 29330016 | -4114242 |
| Development Fund SCP | 4799319 | - | - | 7141116 | 5475631 | 1665485 | 7141116 | 5172357 | 1968759 |
| Development Fund TSP | 248998 | - | - | 327031 | 248998 | 78033 | 327031 | 264000 | 63031 |
| Development Fund CFC Untied Basic Grant | 3302861 | 2384334 | 918527 | 6811182 | 5115334 | 1695848 | 6811182 | 5115334 | 1695848 |
| Development Fund CFCtied Basic Grant | 9314762 | 2307339 | 7007423 | 11879240 | 2307339 | 9571901 | 11879240 | 2307339 | 9571901 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| Maintenance Fund Road Asset | 8142695 | - | - | 9858000 | 8610124 | 1247876 | 9858000 | 8142695 | 1715305 |
| Maintenance Fund NonRoad Asset | 6802369 | - | - | 11116771 | 6802369 | 4314402 | 11116771 | 6802369 | 4314402 |

ഇതു സംബന്ധിച്ച് നൽകിയ15/21-22, 08/02/2023 ാം നം എൻക്വയറിയ്ക്ക് ലഭ്യമായ മറുപടി ഇപ്രകാരമാണ് ജി ഒ പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിന്റെ വരവിൽ ഉൾപ്പെടുത്താത്തതിനാലാണ്. ധനകകാര്യ കമ്മീഷൻ ഗ്രാന്റിൽ അനുവദിച്ച തുകയേക്കാൾ 20% തുകയ്ക്ക് അധികരിച്ച് പ്രോജക്ട് വച്ചതിനാലാണ് ഇത്തരത്തിൽ സംഭവിച്ചത്.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ,ACR, വാർഷികധനകാര്യ പത്രിക എന്നിവയുടെ വരവും ചെലവും പൊരുത്തപ്പെടുത്തി ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-3-2. സുലേഖ പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള വകയിരുത്തലുകളും ചെലവുകളും

| ഇനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| ഉല്പ്പാദനമേഖല(പൊതുവിഭാഗം) | 14953500 | 10911454 | 73% |
| സേവന മേഖല(പൊതുവിഭാഗം) | 66861139 | 39140830 | 59% |
| പശ്ചാത്തലമേഖല(പൊതുവിഭാഗം) | 26129856 | 17043052 | 65% |
| സേവന മേഖല(SCP) | 17547478 | 6899600 | 39% |
| പശ്ചാത്തലമേഖല(SCP) | 2115195 | 485022 | 23% |
| ഉല്പ്പാദനമേഖല(TSP) | 96000 | 32000 | 33% |
| സേവന മേഖല(TSP) | 328403 | 322188 | 98% |

എസ്.സി.പി, ടി.എസ്.പി ഫണ്ടുകളിൽ വളരെ കുറഞ്ഞ ചെലവ് ശതമാനം മാത്രമേ ഉള്ളു. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/21-22, 08/02/2023) ഉൽപ്പാദനമേഖലയിൽ പട്ടിക ജാതി/പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് സർട്ടിഫിക്കറ്റ് ലഭ്യമാകാത്തതിനാലാണ് യഥാസമയം ആനുകൂല്യം നൽകുന്നതിന് തടസ്സം നേരിടുന്നത് എന്നാണ് ലഭ്യമായ മറുപടി. ലഭ്യമായ ഫണ്ടുകൾ പൂർണമായും ഫലപ്രദമായും ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

2018-19 മുതൽ 2021-22 വരെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 29.01.2018-ലെ സ.ഉ(കൈ) നം.11/2018/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ട്, സുലേഖ ചെലവ് പത്രിക എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മോണിറ്ററിംഗ്

പദ്ധതി രൂപീകരണ മാർഗരേഖ ഖണ്ഡിക 13 പ്രകാരം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ ഓരോ പ്രോജക്ടിന്റെയും മോണിറ്ററിംഗ് നിർവഹിക്കേണ്ടതിനെക്കുറിച്ച് വ്യക്തമാക്കുന്നു. പദ്ധതി പൂർത്തീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണെന്നും വ്യക്തമാക്കുന്നു. എന്നാൽ ഇത്തരത്തിൽ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചതായി കാണുന്നില്ല. മോണിറ്ററിംഗ് കമ്മിറ്റികൾ കൂടുതൽ ഉത്തരവാദിത്തത്തോടു കൂടി പ്രവർത്തിക്കേണ്ടതാണ്.

2021-22 സാമ്പത്തിക വർഷത്തിൽ നിർവഹണോദ്യോഗസ്ഥർ നിർവഹിച്ച പദ്ധതികളുടെ പട്ടിക.

| നിർവഹണോ ദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച | നടപ്പിലാ ക്കിയ | അടങ്കൽ | ചെലവ് | ഭാഗികമായി നടപ്പിലാ | നടപ്പാ ക്കാത്തവ | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|

| | പദ്ധതികൾ | പദ്ധതികൾ | | | ക്കിയത് | | |
|---|---|---|---|---|---|---|---|
| കൃഷി | 9 | 9 | 3294100 | 2997066 | 2 | 0 | 91% |
| വെറ്ററിനറി സർജ്ജൻ | 8 | 8 | 5176000 | 4217028 | 2 | 0 | 81.47% |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | 8 | 6 | 4120063 | 3758614 | 0 | 2 | 91% |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 1800000 | 1800000 | 0 | 0 | 100% |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 300000 | 300000 | 0 | 0 | 100% |
| ഫിഷറീസ് | 2 | 2 | 1305000 | 235998 | 2 | 0 | 18% |
| വി.ഇ.ഒ | 24 | 16 | 33036240 | 14346626 | 9 | 8 | 43% |
| ഐ.സി.ഡി.എസ് | 9 | 8 | 9183405 | 7693342 | 1 | 1 | 84% |
| സെക്രട്ടറി | 46 | 27 | 26220621 | 16166854 | 3 | 19 | 62% |
| ഹെഡ് മാസ്റ്റർ | 7 | 7 | 1700000 | 1429653 | 0 | 0 | 84% |
| അസി.എഞ്ചിനീയർ | 70 | 39 | 32451246 | 15219292 | 0 | 31 | 47% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 4700000 | 3493362 | 1 | 0 | 74% |
| അസി.സെക്രട്ടറി | 10 | 10 | 4744896 | 3176311 | 5 | 0 | 67% |

ആകെ അടങ്കൽ : 128031571/-

ആകെ ചെലവ്: 74834146/-

ചെലവ് ശതമാനം : 58%

പദ്ധതികൾ രൂപീകരിക്കുമ്പോൾ വർക്കിംഗ് ഗ്രൂപ്പുകളുടെ അഭിപ്രായം കണക്കിലെടുത്ത് ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾക്ക് ഫണ്ടുകൾ വകയിരുത്തി ചെലവഴിക്കുന്നതിൽ പഞ്ചായത്ത് പിന്നാക്കം നിൽക്കുകയാണ്. ഭാവിയിൽ ആവശ്യാനുസരണമുള്ള പദ്ധതികൾക്ക് വകയിരുത്തിയ തുകകൾ പരമാവധി ചെലവഴിക്കുവാൻ ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി മാറി, പദ്ധതികൾ യഥാവിധി നടത്തിയിട്ടുണ്ടോയെന്നും പരിശോധിക്കേണ്ടതാണ്.

## 1-5 ക്ഷേമ പദ്ധതികൾ

2021-22 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 47160 | - |
| കർഷക തൊഴിലാളി പെൻഷൻ | 4282200 | 284 |
| വിധവാ പെൻഷൻ | 30075300 | 1968 |
| വാർദ്ധക്യകാല പെൻഷൻ | 67949200 | 4853 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 10524100 | 689 |
| വിവാഹധനസഹായം | 780000 | 26 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1114000 | 52 |

1-5-1 പെൻഷൻ മരണ ശേഷവും വിതരണം ചെയ്തതായി കാണുന്നു.

ഓഡിറ്റിന് ഹാജരാക്കിയ മരണ രജിസ്റ്ററിൽ ആധാർകാർഡോ, പെൻഷൻ ഐ. ഡി നമ്പരോ ഇല്ല. ആധാർ നമ്പർ ഉൾപ്പെടുന്ന 15 അപേക്ഷകൾ ലഭ്യമാക്കിയതിൽ മരണപ്പെട്ടവരുടെ വിവരവും സേവനസോഫ്റ്റ്വെയറും തമ്മിൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന9 വ്യക്തികൾക്കും പെൻഷൻ മരണ ശേഷവും വിതരണം ചെയ്തതായി കാണുന്നു.

| ക്രമ നം | ആധാർ നം | പേര് | മരണപ്പെട്ട തീയതി | അധികം കൈപ്പറ്റിയ കാലയളവ് | തുക |
|---|---|---|---|---|---|
| 1 | 532004578455 | ഓമന റ്റി | 02/05/21 | 06/21 To 11/22 =18 മാസം | 28800/- |
| 2 | 680579143750 | ഓമന എം | 01/05/21 | 06/21 To 11/22=18 മാസം | 28800/- |
| 3 | 661422102339 | എസ് എം ബഷീർ | 30/10/21 | 11/21 To 04/22=6 മാസം | 9600 |
| 4 | 851174303177 | ദിവാകരൻ നായർ | 15/12/20 | 01/21 To 04/22=16 മാസം | 25300/- |
| 5 | 460131749102 | ആത്തുക്കാബീവി | 21/01/21 | 02/21 To 04/22 =15 മാസം | 23800/- |
| 6 | 649920658762 | വി.സുകുമാരൻനായർ | 08/01/21 | 02/21 To 05/21=4 മാസം | 6200/- |
| 7 | 894376170381 | ലീല പി | 07/01/21 | 02/21 To 11/22= 22 മാസം | 35000 |
| 8 | 827484204006 | സരോജിനിയമ്മ | 15/01/21 | 02/21 To 11/22 =22 മാസം | 35000/- |
| 9 | 914395796184 | ആർ കൃഷ്ണൻ | 13/02/21 | 03/21 To 05/21=3 മാസം | 4700 |

സർക്കുലർനം 69/2018/ധന, തീയതി26/07/2018-ലെ മരണപ്പെട്ടവരുടെയും, പുനർ വിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി/ ആശാവർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം ഡാറ്റാ ബേസിൽ നിന്നും സെക്രട്ടറിമാർ ഒഴിവാക്കേണ്ടതാണ്. പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണം. മരണപ്പെട്ട വ്യക്തികളെ സേവന സോഫ്റ്റ്വെയറിൽ നിന്നും സസ്പെന്റ് ചെയ്യുവാൻ സെക്രട്ടറി നടപടി സ്വീകരിക്കണം. ഈ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല. അധികം നൽകിയ പെൻഷൻ തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-02-2023 തീയതിയിൽ 4.20 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 37313/-(മുപ്പത്തി ഏഴായിരത്തി മുന്നൂറ്റി പതിമൂന്ന് ) രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണ സംവിധാനം

1) 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ

പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2022 ൽ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്ന എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

3)ISO പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
4) വരവ് ഭാഗങ്ങളുടെ രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ പരിപാലിക്കേണ്ടതാണ്.
5) മരണപ്പെട്ടവർക്ക് പെൻഷൻ തുക നല്കുന്നത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
6) ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതാണ്.
7)കിഫ്ബി ഫണ്ട് ഉപയോഗിച്ച്നിർമ്മിക്കാനുദ്ദേശിക്കുന്ന സ്കൂൾ കെട്ടിടനിർമ്മാണം ത്വരിതപ്പെടുത്തേണ്ടതാണ്
8)പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകളായ നികുതി, നികുതിയേതര വരുമാനങ്ങളുടെ ശേഖരണത്തിൽ കൂടുതൽ ജാഗ്രത വേണ്ടതാണ്.
9) ഭരണസമിതി തീരുമാനങ്ങൾ നടപ്പിലാക്കാതെ കിടക്കുന്നത് പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് (വാർഷിക ധനകാര്യപത്രിക പ്രകാരം) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1359491 | 13586 | 1345905 | 1701 |

ചെലവ് തുകയിലെ വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക കൃത്യമായി കണക്കാക്കി റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-8-1 ദേശീയ തൊഴിലുറപ്പ് പദ്ധതി -അപാകങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

2005-ൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ നൽകുന്നതോടൊപ്പം പ്രകൃതി വിഭവങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് പൊതു ആസ്തികളും ഉപജീവനാസ്തികളും സൃഷ്ടിക്കുവാൻ മുഖ്യമായി ലക്ഷ്യമിടുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 സെക്ഷൻ 17 പ്രകാരം പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിന് സോഷ്യൽ ഓഡിറ്റ് വിഭാവനം ചെയ്തിട്ടുണ്ട്. പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടും, ലഭ്യമാക്കിയ രേഖകളും പരിശോധിച്ചതിൽ പദ്ധതി നടത്തിപ്പിൽ ധാരാളം അപാകങ്ങൾ സംഭവിച്ചതായി വ്യക്തമാകുന്നു. പദ്ധതിയുടെ നിർവഹണത്തിന്റെ ഭാഗമായി വർക്ക് ഡിമാൻഡ്, അലോക്കേഷൻ, പേയ്മെന്റ് രജിസ്റ്റർ, മെറ്റീരിയൽ പ്രൊക്യൂർമെന്റ് സ്റ്റേറ്റ്മെന്റ് ,പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ എന്നിവ സൂക്ഷിച്ചിട്ടില്ലായെന്നും, മസ്റ്റർറോളുകൾ വ്യാപകമായി തിരുത്തിയിരിക്കുന്നതായും കണ്ടെത്തി. മെറ്റീരിയൽ വർക്കുകൾ പൂർണമായും കരാർ പ്രവർത്തികളായി മാറ്റിയതായി നിരീക്ഷിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേറ്റ്മാർ ജോലിചെയ്യാതെ വേതനം വാങ്ങുന്നതായി ധാരാളം പരാതികളും വിവരാവകാശ അപേക്ഷകളും ലഭിച്ചിട്ടിട്ടുണ്ട്. കൂടാതെ വാർഡ് ജനപ്രതിനിധികൾ പഞ്ചായത്തിലെ യോഗങ്ങളിൽ പങ്കെടുത്ത ദിവസങ്ങളിൽ പോലും തൊഴിലുറപ്പ് ജോലി ചെയ്യാതെ വേതനം കൈപ്പറ്റിയതായി പരാതി ഉണ്ടായി. ഇപ്രകാരം 9 വാർഡുകളിലെ ജനപ്രതിനിധികൾ അനധികൃതമായി കൈപ്പറ്റിയ 18056/-രൂപ തിരികെ അടവാക്കിയതായി സെക്രട്ടറി 28/12/2022-ലെ Nrega/pvl/133/2022 നമ്പർ കത്ത് പ്രകാരം വെള്ളനാട് ബ്ലോക്ക് പ്രോഗ്രാം ആഫീസറെ അറിയിച്ചിട്ടുണ്ട്. ഇതിൽ നിന്നും മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ നിർവഹണത്തിൽ ഗുരുതര വീഴ്ചകൾ സംഭവിക്കുന്നതായി വ്യക്തമാകുന്നു. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ നിർവഹണത്തിനായി സ.ഉ.(കൈ)നം. 93/2012 /ത.സ്വ.ഭ.വ.തിയതി.31-3-2012 പ്രകാരവും, സ.ഉ.(എം.എസ്)നം. 110/2018/ത.സ്വ.ഭ.വ. തിയതി.13-8-2018 ഭേദഗതി ഉത്തരവുകൾ പ്രകാരവും വാങ്ങലുകൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായും, സെക്രട്ടറി കൺവീനറുമായി പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. പ്രസ്തുത കമ്മിറ്റി സമർപ്പിക്കുന്ന പട്ടിക അനുസരിച്ച് മാത്രമേ സെക്രട്ടറി

സാധനസാമഗ്രികൾ വാങ്ങാവൂ. സാധനസാമഗ്രികൾ എഞ്ചിനിയർ പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്. എഞ്ചിനിയർ ഏറ്റുവാങ്ങുന്ന സാധനങ്ങൾ മേറ്റിനെ ഏല്പിക്കണം. മിച്ചം വരുന്ന സാധനങ്ങൾ എഞ്ചിനിയർ തിരികെ കൈപ്പറ്റി അടുത്ത പ്രവൃത്തി സ്ഥലത്തെ മേറ്റിന് നൽകേണ്ടതും ആയതിന് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ്. ലേബർ ബജറ്റും പ്രൊക്യുർമെന്റ് പ്ലാനും ഒരുമിച്ച് നടപ്പിലാക്കേണ്ടതാണ്. പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കുന്നതിന് പഞ്ചായത്ത് തലത്തിലും ബ്ലോക്ക് തലത്തിലും പ്രത്യേക നടപടി സ്വീകരിക്കേണ്ടതാണ്.

## 1-8-2 എം.ജി.എൻ.ആർ.ഇ.ജി.എസ് -നിയമാനുസൃത ജി.എസ്സ്.റ്റി-റ്റി.ഡി.എസ് ,ഈടാക്കിയിട്ടില്ല.

ജി.എസ്സ്.റ്റി. നിയമം 51-ാം വകുപ്പ് പ്രകാരം സർക്കാർ സ്വീകരിക്കുന്ന സേവനത്തിനും സാധനത്തിനും മൂല്യം 2.5 ലക്ഷത്തിന് മുകളിൽ ആയാൽ 2% ജി.എസ്സ്.റ്റി.-റ്റി.ഡി.എസ്സ്. ഈടാക്കി അടവാക്കേണ്ടത് നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയാണ്. എന്നാൽ 2021-22വർഷത്തിൽ എം.ജി.എൻ.ആർ.ജി.എസ്.പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹണം നടത്തിയ വിവിധ മെറ്റീരിയൽ പ്രവൃത്തികൾക്ക് ഒരോ കരാർ പ്രകാരം ലഭ്യമാക്കിയ സാധനങ്ങൾക്ക് 2.5 ലക്ഷത്തിന് മുകളിൽ തുക നൽകിയിട്ടും (ജി,എസ്.റ്റി ഉൾപ്പെട്ട ബില്ലുകൾ പ്രകാരം)നിയമാനുസൃത നികുതി ഈടാക്കി അടവാക്കിയിട്ടില്ലെന്ന് 48/23നമ്പർ അന്വേഷണകുറിപ്പിന് ലഭ്യമാക്കിയ മറുപടി,സ്റ്റേറ്റ്മെന്റ് എന്നിവയിൽ നിന്നും വ്യക്തമായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നമ്പർ | അനുവദിച്ച് നൽകിയ തുക |
|---|---|
| 149/20-21 | 861535/- |
| 504/19-20 | 379916/- |
| 283/18-19 | 820058/- |
| 469/19-20 | 1136194/- |
| ആകെ | 3197703/ |

മേൽ വിവരിച്ച പദ്ധതികൾ ഏറ്റെടുത്ത കരാറുകാർ നിയമാനുസൃത നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉറപ്പുവരുത്തേണ്ടതും, അടവാക്കിയിട്ടില്ലായെങ്കിൽ തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.05.2022 | 02/2022 മുതൽ 04/2022 വരെ | 29.05.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.2021 | 2009-16 | ലഭ്യമായിട്ടില്ല |

## 1-10 രസീത് നൽകി പിരിച്ചെടുക്കുന്ന ലൈബ്രറി വരവുകൾ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിൽ കാലതാമസം വരുത്തുന്നു.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ലൈബ്രറികളിൽ നിന്നും രസീത് നൽകി പിരിച്ചെടുക്കുന്ന തുകകൾ ഗ്രാമപഞ്ചായത്തിൽ അടവാക്കുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

1.മഹാത്മാ ഗാന്ധി മെമ്മോറിയൽ സെൻട്രൽ ലൈബ്രറി

| ക്രമ നം | ലൈബ്രറി രസീത് നം. | തീയതി | തുക | തുക പഞ്ചായത്തിൽ ഒടുക്കിയ തീയതി | രസീത് നം. |
|---|---|---|---|---|---|
| 1 | 161 | 27-04-2021 | 100 | 7-5-2021 | 121020100537 |
| 2 | 165, 166 | 8-07-2021 | 200 | 14-07-2021 | 121020101114 |
| 3 | 171 | 7-09-2021 | 10 | 20-09-2021 | 121020102430 |
| | 172 | 16-09-2021 | 100 | | |
| | 173 | 18-09-2021 | 100 | | |
| 4 | 175 | 28-09-2021 | 100 | 6-10-2021 | 12102010736 |

| | | | | | |
|---|---|---|---|---|---|
| 5 | 176 | 8-10-2021 | 60 | 6-11-2021 | 121020104244 |
| | 177 | 3-11-2021 | 100 | | |
| 6 | 178 | 21-12-2021 | 100 | 6-1-2022 | 121020105837 |
| | 179 | 23-12-2021 | 100 | | |
| 7 | 180 | 4-02-2022 | 60 | 5-03-2022 | 121020106976 |
| | 181 | 4-02-2022 | 100 | | |
| | 182 | 5-03-2022 | 100 | | |

2.തകഴി ശിവശങ്കര പിള്ള സ്മാരക ലൈബ്രറി, പട്ടകുളം

| ലൈബ്രറി രസീത് നം. | തീയതി | തുക | തുക പഞ്ചായത്തിൽ ഒടുക്കിയ തീയതി | രസീത് നം. |
|---|---|---|---|---|
| 542 | 17-01-2022 | 50 | 19-5-2022 | 1220100823 |
| 543 | 7-03-2022 | 20 | | |
| 544 | 24-03-2022 | 45 | | |
| 545 | 22-04-2022 | 300 | | |
| 546 | 25-04-2022 | 300 | | |
| 547 | 25-04-2022 | 300 | | |
| 548 | 25-04-2022 | 300 | | |
| 549 | 26-04-2022 | 5 | | |
| 550 | 5-5-2022 | 10 | | |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം . 45 ന് വരും വർഷങ്ങളിൽ പ്രസ്തുത അപാകം ആവർത്തിക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് മഹാത്മാ ഗാന്ധി മെമ്മോറിയൽ സെൻട്രൽ ലൈബ്രറിയുടെ പക്കൽ നിന്നും മറുപടി ലഭ്യമായിട്ടുണ്ട്. രസീത് നൽകി പിരിച്ചെടുക്കുന്ന തുകകൾ കേരളാ ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 4-8 വരെയുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമായ വാണിജ്യ കെട്ടിടങ്ങളുടെ എണ്ണവും 2021-22 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ ഭീമമായ അന്തരം നിലനിൽക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 2286 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 135 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 4 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 19 |
| 5 | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 16 |
| | ആകെ | 2460 |

സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം വാണിജ്യാവശ്യത്തിനായുള്ള 2460 കെട്ടിടങ്ങൾ പൂവച്ചൽ ഗ്രാമപഞ്ചായത്തിലുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ 282 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ്

എടുത്തിട്ടുള്ളത്. ബാക്കിയുള്ള കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവൃത്തിക്കുന്നില്ല എന്നത് ഫീൽഡ് തല പരിശോധന നടത്തി ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്ന വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 41/14-2-2023 ന് മറുപടി നൽകിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 232,233 എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല. ആയത് ഫീൽഡ് തല പരിശോധന നടത്തി ഉറപ്പ് വരുത്തി പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ജിംനേഷ്യങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ജിംനേഷ്യങ്ങൾക്ക് ലൈസൻസ് അനുവദിച്ച് നൽകിയിട്ടില്ല. ലൈസൻസ് ഇല്ലാതെ ഗ്രാമ പഞ്ചായത്തിൽ ജിംനേഷ്യങ്ങൾ പ്രവൃത്തിക്കുന്നില്ല എന്നത് ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്ന വിവരം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 41/14-2-2023ന് മറുപടി ലഭ്യമായിട്ടില്ല. 1963 ലെ Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ ഏതെങ്കിലും ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് കൃത്യമായി കണ്ടെത്തുകയും പ്രസ്തുത ആക്ട് പ്രകാരമുള്ള ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന ജിംനേഷ്യങ്ങൾക്ക് മൂന്ന് മാസത്തിനുള്ളിൽ നിർബന്ധമായും ലൈസൻസ് നേടാൻ നിർദ്ദേശിച്ച് നോട്ടീസ് നൽകേണ്ടതുമാണ്.

## 1-13 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത്‌രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 149, 150 പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് അനിവാര്യമാണ്. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21.01.2019 ലെ (സി. എസ്)എ9-764/2019 നം. കത്ത് പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുമുണ്ട്. ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന റേഷൻ കടകളിൽനിന്നും 2021-2022 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുക്കുകയോ, അവയ്ക്ക് ഫാക്ടറി-വ്യാപാര ലൈസൻസ് നൽകുകയോ ചെയ്തിട്ടില്ല. ലൈസൻസ് ഫീ ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 41 ന് മറുപടി നൽകിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 31 ന് വരും വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വ്യാപാരികളുടെ ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കുമ്പോൾ റേഷൻ കടകളുടെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും കൃത്യമായ ഡിമാന്റ് നോട്ടീസിലൂടെ തൊഴിൽ നികുതിയിനത്തിലും ലൈസൻസ് ഫീസിനത്തിലും ലഭിക്കേണ്ട വരുമാനം ഉറപ്പുവരുത്തേണ്ടതുമാണ്. മുഴുവൻ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവ ഈടാക്കി പ്രസ്തുത വിവരം ഓഡിറ്റിനെ ധരിപ്പിക്കുക.

## 1-14 തൊഴിൽ നികുതി ഈടാക്കുന്നതു സംബന്ധിച്ചുള്ള രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്തുന്നില്ല

2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്ററിൽ വിവരങ്ങൾ പൂർണമായും രേഖപ്പെടുത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1. ചുവടെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും നികുതി ഇനത്തിൽ ഈടാക്കിയ തുക രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട രസീത് നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | രജിസ്റ്ററിലെ പേജ് നം. | അർദ്ധവർഷം | തുക |
|---|---|---|---|---|
| 1 | സൗത്ത് ഇൻഡ്യൻ ബാങ്ക് | 13 | 1 | 2500 |
| 2 | കൃഷി ഓഫീസ് പൂവച്ചൽ | 15 | 1 | 6000 |
| 3 | കാട്ടാക്കട ക്ഷീര വ്യവസായ സഹകരണ സംഘം | 20 | 1 | 480 |
| 4 | മുത്തൂറ്റ് മൈക്രോ ഫിൻ. പൂവച്ചൽ | 22 | 1, 2 | 11250+8250 |
| 5 | വിഗ്യാൻ കോളേജ് | 32 | 1 | 24910 |
| 6 | എം.ജി.എൻ.ആർ.ജി.എസ് | 34 | 1 | 6250 |

| | | | | |
|---|---|---|---|---|
| 7 | ഇലക് ട്രിക്കൽ ഡിവിഷൻ കാട്ടാക്കട | 12 | 2 | 38750 |
| 8 | സി.എച്ച്.സി.കാട്ടാക്കട | 14 | 2 | 19200 |
| 9 | ഗവ. എൽ.പി.എസ് കാട്ടാക്കട | 17 | 2 | 8500 |
| 10 | സെന്റ് തെരേസാസ് യു.പി.എസ്. കൊണ്ണിയൂർ | 27 | 2 | 22500 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 31 ന് മറുപടിയായി ടി സ്ഥാപനങ്ങൾ തുക ഒടുക്കിയ രസീത് നമ്പരും തീയതിയും ലഭ്യമാക്കി, ആയത് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

